യത്തിന് സമർപ്പിക്കുകയും ഈ പദ്ധതിയിന്മേൽ 48 ലക്ഷം രൂപയുടെ അടങ്കൽ തുക ടി മന്ത്രാലയം അംഗീകരിക്കുകയും 43.20 ലക്ഷം രൂപ ധനസഹായമായി അനുവദിക്കുകയുണ്ടായി. കൂടാതെ 48 ലക്ഷം രൂപയുടെ മറ്റൊരു പദ്ധതി ഐ. സി.എ.ആർ-നും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്കും ഉടൻ അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മൽസ്യഫെഡ് നടപ്പിലാക്കി വരുന്ന അലങ്കാര മൽസ്യകൃഷി പദ്ധതിപ്രകാരം മൽസ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള വനിതാ മൽസ്യത്തൊഴിലാളി വികസനക്ഷേമ സംഘങ്ങളിലെ അർഹരായ അംഗങ്ങൾക്ക് അലങ്കാര മൽസ്യക്കൃഷിയിൽ സൗജന്യ പരിശീലനം നൽകി വരുന്നു. കൂടാതെ ചെറുകുളങ്ങളിൽ അഥവാ സിമന്റ് ടാങ്കുകളിൽ അലങ്കാര മൽസ്യകൃഷി നടത്തുവാൻ പരിശീലനം കഴിഞ്ഞ മൽസ്യത്തൊഴിലാളി വനിതകൾക്ക് ആവശ്യമായ ധനസഹായവും സാങ്കേതിക സഹായവും നൽകുന്നതിനും ഉദ്ദേശമുണ്ട്.

7 (2698) മൽസ്യ സമ്പത്തിനെക്കുറിച്ച് സർവ്വേ

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന്റെ തീരക്കടലിലും ആഴക്കടലിലുമുള്ള മൽസ്യ സമ്പത്തിനെക്കുറിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

ഫിഷറീസ് സർവ്വേ ഓഫ് ഇൻഡ്യയുടെ കൊച്ചി മേഖലാ ഓഫീസിന് കീഴിൽ പ്രവർത്തിക്കുന്ന മൽസ്യ പര്യവേഷണ കപ്പലുകൾ ഇതു സംബന്ധിച്ച് സർവ്വേ നടത്തിവരുന്നുണ്ട്. ടി സ്ഥാപനത്തിന്റെ 1996-97-ലെ റിപ്പോർട്ടിന്റെ പ്രസക്തഭാഗം അനുബന്ധമായി വച്ചിട്ടുണ്ട്.†

8 (2699) പീപ്പിൾസ് ഫിഷ് കൾച്ചർ പ്രോഗ്രാം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പീപ്പിൾസ് ഫിഷ് കൾച്ചർ പ്രോഗ്രാമിലൂടെ 1998-99 വർഷത്തിൽ എത്ര ടൺ മൽസ്യം കൂടുതലായി ഉൽപ്പാദിപ്പിക്കുവാൻ ലക്ഷ്യം ഇട്ടിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എത്രടൺ മൽസ്യം കൂടുതലായി ഉൽപ്പാദിപ്പിച്ചു?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly